**മധുരമായ കുട്ടികളെ – നിങ്ങള്‍ ആത്മാക്കളുടെ സ്വധര്‍മ്മം ശാന്തിയാണ്, നിങ്ങളുടെ ദേശം ശാന്തിധാമമാണ്, നിങ്ങള്‍ ആത്മാവ് ശാന്തസ്വരൂപമാണ് അതുകൊണ്ട് നിങ്ങള്‍ക്ക് ശാന്തി യാചിക്കാന്‍ സാധിക്കില്ല.**

**ചോദ്യം:–** നിങ്ങളുടെ യോഗശക്തി ഏതൊരു അത്ഭുതമാണ് ചെയ്യുന്നത്?
**ഉത്തരം:–** യോഗശക്തിയിലൂടെ നിങ്ങള്‍ മുഴുവന്‍ ലോകത്തെയും പവിത്രമാക്കി മാറ്റുന്നു, നിങ്ങള്‍ വളരെ കുറച്ച് കുട്ടികള്‍ യോഗശക്തിയിലൂടെ ഈ മുഴുവന്‍ പര്‍വ്വതത്തെയും(കലിയുഗം) ഉയര്‍ത്തി മാറ്റി സ്വര്‍ണ്ണത്തിന്റെ പര്‍വ്വതം (സ്വര്‍ഗ്ഗം) സ്ഥാപിക്കുന്നു. 5 തത്വങ്ങളും സതോപ്രധാനമായി മാറുന്നു, നല്ല ഫലം നല്‍കുന്നു. സതോപ്രധാന തത്വങ്ങളാല്‍ ഈ ശരീരവും സതോപ്രധാനമാകുന്നു. അവിടുത്തെ ഫലങ്ങള്‍ പോലും വളരെ വളരെ സ്വാദിഷ്ടമായിരിക്കും.

**ഓം ശാന്തി**. എപ്പോള്‍ ഓം ശാന്തി പറയുകയാണെങ്കിലും വളരെയധികം സന്തോഷമുണ്ടായിരിക്കണം എന്തുകൊണ്ടെന്നാല്‍ വാസ്തവത്തില്‍ ആത്മാവ് ശാന്തസ്വരൂപമാണ്, ആത്മാവിന്റെ സ്വധര്‍മ്മം ശാന്തിയാണ്. ഇതിനെക്കുറിച്ച് സന്യാസിമാരും പറയുന്നുണ്ട്, ശാന്തിയെ നിങ്ങളുടെ കഴുത്തിലെ മാലയാക്കണം. ശാന്തി പുറത്ത് എവിടെയാണ് അന്വേഷിക്കുന്നത്. ആത്മാവ് സ്വതവേ ശാന്തസ്വരൂപമാണ്. ഈ ശരീരത്തില്‍ പാര്‍ട്ടഭിനയിക്കാന്‍ വന്നിരിക്കുകയാണ്. ആത്മാവ് ശാന്തസ്വരൂപത്തിലിരിക്കുകയാണെങ്കില്‍ എങ്ങനെ കര്‍മ്മം ചെയ്യും? കര്‍മ്മം ചെയ്യുക തന്നെ വേണം. അതെ, ശാന്തിധാമത്തില്‍ ആത്മാക്കള്‍ ശാന്തമായിരിക്കുന്നു. അവിടെ ശരീരമില്ല, നമ്മള്‍ ആത്മാവാണ്, ശാന്തിധാമത്തില്‍ വസിക്കുന്നവരാണ് എന്ന് ഒരു സന്യാസിമാരും മനസ്സിലാക്കിയിട്ടില്ല. കുട്ടികള്‍ക്ക് മനസ്സിലായി കഴിഞ്ഞു – ശാന്തിധാമമാണ് നമ്മുടെ ദേശം, പിന്നീട് നമ്മള്‍ സുഖധാമത്തില്‍ വന്ന് പാര്‍ട്ടഭിനിക്കുന്നു പിന്നീട് ദുഃഖധാമത്തില്‍ രാവണരാജ്യമുണ്ടാകുന്നു. ഇത് 84 ജന്മങ്ങളുടെ കഥയാണ്. ഭഗവാനുവാചയില്ലേ അര്‍ജ്ജുനനോട് നീ നിന്റെ ജന്മങ്ങളെക്കുറിച്ച് അറിയുന്നില്ല. എന്തുകൊണ്ടാണ് ഒരാളോടായി പറയുന്നത്? എന്തുകൊണ്ടെന്നാല്‍ ഒരാള്‍ക്ക് ഗ്യാരണ്ടിയാണ്. ഈ രാധയും കൃഷ്ണനും ഗ്യാരണ്ടിയല്ലേ അതുകൊണ്ടാണ് ഇവരോട് തന്നെ പറയുന്നത്. ഇത് ബാബയ്ക്കുമറിയാം കുട്ടികള്‍ക്കുമറിയാം അതായത് എല്ലാവരും 84 ജന്മങ്ങള്‍ എടുക്കുന്നവരല്ല. ചിലര്‍ പകുതിയില്‍ വരും, ചിലര്‍ അവസാനവും വരും. ഇദ്ദേഹത്തിന്റേത് ഉറപ്പല്ലേ. ഇദ്ദേഹത്തോടാണ് പറയുന്നത്– അല്ലയോ കുട്ടീ. അപ്പോള്‍ ഇദ്ദേഹം അര്‍ജ്ജുനനായില്ലേ. രഥത്തില്‍ ഇരിക്കുകയല്ലേ. കുട്ടികള്‍ക്ക് സ്വയവും മനസ്സിലാക്കാന്‍ സാധിക്കും – നമ്മള്‍ എങ്ങനെയാണ് ജന്മമെടുക്കുന്നത്. സേവനമേ ചെയ്യുന്നില്ലെങ്കില്‍ എങ്ങനെ സത്യയുഗത്തില്‍ ആദ്യം ജന്മമെടുക്കും? അവരുടെ ഭാഗ്യം എവിടെയാണ്. പറകില്‍ ജന്മമെടുക്കുന്നവര്‍ക്ക് വീട് പഴയതായിക്കൊണ്ടിരിക്കില്ലേ. ഞാന്‍ ഇദ്ദേഹത്തോടായാണ് പറയുന്നത്. ഇദ്ദേഹത്തെ പ്രതി നിങ്ങള്‍ക്കും ഉറപ്പാണ്. നിങ്ങള്‍ക്കും മനസ്സിലാക്കാന്‍ സാധിക്കും മമ്മയും ബാബയും 84 ജന്മം എടുക്കുന്നുണ്ട്. കുമാരകാ(പ്രകാശ് മണി ദാദിജി), ജനക്(ജാനകി ദാദിജി), ഇങ്ങനെയുള്ള മഹാരഥികള്‍ ആരെല്ലാമുണ്ടോ അവരും 84 ജന്മങ്ങളെടുക്കുന്നുണ്ട്. ആരാണോ സേവനം ചെയ്യാത്തത് അവര്‍ തീര്‍ച്ചയായും കുറച്ച് ജന്മങ്ങള്‍ക്ക് ശേഷമായിരിക്കും വരുന്നത്. ഞങ്ങള്‍ തോറ്റു പോകും, അവസാനം വരും എന്ന് മനസ്സിലാക്കുന്നു. സ്ക്കൂളില്‍ ഓടി ലക്ഷ്യത്തില്‍ സ്പര്‍ശിച്ച് തിരിച്ച് വരാറുണ്ടല്ലോ. എല്ലാവരും ഏകരസമായിരിക്കുകയില്ല. മത്സരത്തില്‍ കാല്‍ ഇഞ്ചിന്റെ പോലും വ്യത്യാസം വന്നാലും മുന്‍തൂക്കം ലഭിക്കുന്നു, ഇതും അശ്വ മത്സരമാണ്. അശ്വമെന്ന് കുതിരയെയാണ് പറയുന്നത്. രഥത്തെയും കുതിരയെന്ന് പറയുന്നു. ബാക്കി ദക്ഷ പ്രജാപതി യജ്ഞം രചിച്ചതായും അതില്‍ കുതിരയെ ഹോമിച്ചതായും കാണിക്കുന്നുണ്ട് ഈ കാര്യങ്ങളൊന്നും തന്നെയില്ല. ദക്ഷപ്രജാപതിയുമില്ല, യാതൊരു യജ്ഞവും രചിക്കുന്നുമില്ല. ഭക്തിമാര്‍ഗ്ഗത്തിലെ പുസ്തകങ്ങളില്‍ എത്രയധികം കെട്ടുകഥകളാണ്. അതിന്റെ പേര് തന്നെ കഥയെന്നാണ്. അനേകം കഥകള്‍ കേട്ടിട്ടുണ്ട്. നിങ്ങള്‍ ഇത് പഠിക്കുകയാണ്. പഠിപ്പിനെ കഥയെന്ന് പറയില്ല. സ്ക്കൂളില്‍ പഠിക്കുന്നുണ്ട്, ലക്ഷ്യമുണ്ട്. നമുക്ക് ഈ പഠിപ്പിലൂടെ ഈ ജോലി ലഭിക്കും. എന്തെങ്കിലുമെല്ലാം ലഭിക്കുന്നു. ഇപ്പോള്‍ നിങ്ങള്‍ കുട്ടികള്‍ക്ക് ദേഹീ അഭിമാനിയായി മാറണം. ഇതിലാണ് പരിശ്രമം. ബാബയെ ഓര്‍മ്മിക്കുന്നതിലൂടെ മാത്രമേ വികര്‍മ്മം വിനാശമാകൂ. വിശേഷിച്ചും ഓര്‍മ്മിക്കണം, ഞാന്‍ ശിവബബാബയുടെ കുട്ടിയാണല്ലോ പിന്നെന്തിനാണ് ഓര്‍മ്മിക്കുന്നത് അങ്ങനെയല്ല. സ്വയം വിദ്യാര്‍ത്ഥിയാണെന്ന് മനസ്സിലാക്കി ഓര്‍മ്മിക്കണം. നമ്മള്‍ ആത്മാക്കളെ ശിവബാബ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, ഇതും മറന്നു പോകുന്നു. ഈ സൃഷ്ടിയുടെ ആദി, മധ്യ, അന്ത്യത്തിന്റെ രഹസ്യം കേള്‍പ്പിച്ചു തരുന്ന ഒരേയൊരു ടീച്ചറാണ് ശിവബാബ, ഇതു പോലും ഓര്‍മ്മയിലിരിക്കുന്നില്ല. ഓരോ കുട്ടികളും തന്റെ ഹൃദയത്തോട് ചോദിക്കണം എത്ര സമയം ബാബയുടെ ഓര്‍മ്മ നില നില്‍ക്കുന്നുണ്ട്? കൂടുതല്‍ സമയവും

ബാഹർമുഖതയിലേയ്ക്കാണ് പോകുന്നത്. മുഖ്യമായത് ഈ ഓർമ്മ തന്നെയാണ്. ഈ ഭാരതത്തിലെ യോഗത്തിന് വളരെയധികം മഹിമയുണ്ട്. എന്നാൽ യോഗം പഠിപ്പിക്കുന്നതാരാണ് – ഇതാർക്കും അറിയുകയില്ല. ഗീതയിൽ കൃഷ്ണന്റെ പേരാണ് വെച്ചിരിക്കുന്നത്. ഇപ്പോൾ കൃഷ്ണനെ ഓർമ്മിക്കുന്നതിലൂടെ ഒരു പാപം പോലും നശിക്കുകയില്ല കാരണം കൃഷ്ണൻ ശരീരധാരിയാണ്. 5 തത്വങ്ങളാൽ ഉണ്ടാക്കപ്പെട്ടതാണ്. കൃഷ്ണനെ ഓർമ്മിക്കുകയാണെങ്കിൽ മണ്ണിനെ ഓർമ്മിക്കുന്നത് പോലെയാണ്, 5 തത്വങ്ങളെ ഓർമ്മിക്കലാണ്. ശിവബാബയാണെങ്കിൽ അശരീരിയാണ് അതുകൊണ്ടാണ് പറയുന്നത് അശരീരിയാകൂ, പിതാവായ എന്നെ ഓർമ്മിക്കൂ.

പറയുന്നുമുണ്ട് – അല്ലയോ പതിത പാവനാ, പതിതപാവനൻ ഒരാളല്ലേ. യുക്തിയോടുകൂടി ചോദിക്കണം– ഗീതയുടെ ഭഗവാൻ ആരാണ്? രചയിതാവായ ഭഗവാൻ ഒന്നു മാത്രമാണ്. അഥവാ മനുഷ്യൻ സ്വയം ഭഗവാനാണെങ്കിൽ നിങ്ങളെല്ലാവരും എന്റെ കുട്ടികളാണെന്ന് ഒരിക്കലും പറയുകയില്ല. ഒന്നുകിൽ പറയും തതത്വം അല്ലെങ്കിൽ പറയും ഈശ്വരൻ സർവ്യാപിയാണ്. ഞങ്ങളും ഭഗവാനാണ്, നിങ്ങളും ഭഗവാനാണ്, എവിടെ നോക്കിയാലും നീ തന്നെ നീയാണ്. കല്ലിലും നീ തന്നെ, ഇങ്ങനെ പറയും. നിങ്ങൾ എന്റെ മക്കളാണ്, ഇങ്ങനെ പറയാൻ സാധിക്കില്ല. അപ്പോൾ ഇത് ബാബ തന്നെയാണ് പറയുന്നത് – അല്ലയോ എന്റെ ഓമനകളായ ആത്മീയ കുട്ടികളേ. ഇങ്ങനെ വേറെ ഒരാൾക്കും പറയാൻ സാധിക്കില്ല. അഥവാ മുസൽമാൻമാരെ ആരെങ്കിലും എന്റെ ഓമന മക്കളേ എന്ന് പറയുകയാണെങ്കിൽ അടി കൊള്ളും. ഒരേയൊരു പാരലൗകിക പിതാവിന് മാത്രമേ ഇങ്ങനെ പറയാൻ സാധിക്കൂ. മറ്റൊരാൾക്കും സൃഷ്ടിയുടെ ആദി, മധ്യ, അന്ത്യത്തിന്റെ ജ്ഞാനം നൽകാൻ സാധിക്കില്ല. നിരാകാരനായ ബാബയ്ക്കല്ലാതെ 84 പടിയുടെ രഹസ്യം വേറാർക്കും മനസ്സിലാക്കി തരാൻ സാധിക്കില്ല. യഥാർത്ഥ പേര് തന്നെ ശിവൻ എന്നാണ്. മനുഷ്യരാണെങ്കിൽ അനേകം പേരുകൾ നൽകിയിരിക്കുന്നു. അനേക ഭാഷകളാണ്. അതിനാൽ അവരവരുടെ ഭാഷകളിൽ പേര് വെച്ചിരിക്കുന്നു. എങ്ങനെയാണോ ബോംബെയിൽ ബബൂൽനാഥനെന്ന് പറയുന്നത്, എന്നാൽ അതിന്റെ അർത്ഥമൊന്നും അറിയില്ല. മുള്ളുകളെ പൂക്കളാക്കി മാറ്റുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കി. ഭാരതത്തിൽ ശിവബാബയ്ക്ക് ആയിരക്കണക്കിന് പേരുകളുണ്ട്, അർത്ഥം ഒന്നും അറിയില്ല. ബാബ കുട്ടികൾക്കാണ് മനസ്സിലാക്കി തരുന്നത്. അതിൽ തന്നെ ബാബ അമ്മമാരെ കൂടുതൽ മുമ്പിൽ വെച്ചിരിക്കുന്നു. ഇന്ന് സ്ത്രീകൾക്ക് മഹത്വമുണ്ട് എന്തുകൊണ്ടെന്നാൽ ബാബ വന്നിരിക്കുകയാണല്ലോ. ബാബ മാതാക്കൾക്ക് ഉയർന്ന മഹിമ നൽകുന്നു. നിങ്ങൾ ശിവശക്തി സേനയാണ്, ശിവബാബയെ അറിയുന്നതും നിങ്ങൾ തന്നെയാണ്. സത്യം ഒന്നുമാത്രമാണ്. പാടാറുമുണ്ട് സത്യത്തിന്റെ തോണി ആടുകയും ഉലയുകയും ചെയ്യും, മുങ്ങുകയില്ല. അതിനാൽ നിങ്ങൾ സത്യമാണ്, പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. ബാക്കി അസത്യമായ തോണിയെല്ലാം നശിച്ചു പോകും. നിങ്ങളാരും ഇവിടെ രാജ്യം ഭരിക്കുന്നവരല്ല. അടുത്ത ജന്മത്തിൽ നിങ്ങൾ പോയി രാജ്യം ഭരിക്കും. ഇത് വളരെ ഗുപ്തമായ കാര്യങ്ങളാണ് അത് നിങ്ങൾക്ക് മാത്രമേ അറിയുകയുള്ളൂ. ഈ ബാബയെ ലഭിക്കുന്നത് വരെ ഒന്നും തന്നെ അറിയുമായിരുന്നില്ല. ഇപ്പോൾ അറിയുന്നു.

യുദ്ധമൈതാനത്തിൽ കുട്ടികളെ നിർത്തുന്ന യുധിഷ്ഠിരനാണിത്. ഇദ്ദേഹം നോൺ വയലൻസ്, അഹിംസകനാണ്. കൊല്ലുന്നതിനെ മനുഷ്യർ അഹിംസയെന്ന് മനസ്സിലാക്കുന്നു. ബാബ പറയുന്നു ആദ്യത്തെ മുഖ്യമായ ഹിംസയാണ് കാമം അതുകൊണ്ടാണ് കാമം മഹാശത്രുവാണെന്ന് പറയുന്നത്, ഇതിൽ വിജയം നേടണം. കാമ വികാരത്തിന്റെ കാര്യമാണ് മുഖ്യമായത്, പതിതം അർത്ഥം വികാരി. പതിതമാകുന്നവരെ തന്നെയാണ് വികാരിയെന്ന് പറയുന്നത്, അവർ വികാരത്തിലേയ്ക്ക് പോകുന്നു. ക്രോധിക്കുന്നവരെ വികാരിയാണെന്ന് പറയുകയില്ല. ക്രോധിയെ ക്രോധിയെന്നും, ലോഭിയെ ലോഭിയെന്നും പറയുന്നു. ദേവതകളെ നിർവികാരിയെന്ന് പറയുന്നു. ദേവതകൾ നിർലോഭിയും നിർമോഹിയും നിർവികാരിയുമാണ്. അവർ ഒരിക്കലും വികാരത്തിലേയ്ക്ക് പോകില്ല. നിങ്ങളോട് പറയുന്നു വികാരമില്ലാതെ കുട്ടികളെങ്ങനെ ഉണ്ടാകും? അവരെ നിർവികാരിയെന്ന് അംഗീകരിക്കുന്നുണ്ടല്ലോ. അത് തന്നെയാണ് നിർവികാരി ലോകം. ദ്വാപര കലിയുഗം വികാരി ലോകമാണ്. സ്വയം വികാരിയെന്നും ദേവതകളെ നിർവികാരിയെന്നും പറയാറുണ്ടല്ലോ. നമ്മളും വികാരികളായിരുന്നുവെന്ന് നിങ്ങൾക്കറിയാം. ഇപ്പോൾ ഇവരെ പോലെ നിർവികാരിയായി മാറികൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്മീ നാരായണനും ഓർമ്മയുടെ ബലത്തിലൂടെയാണ് ഈ പദവി നേടിയത് വീണ്ടും നേടികൊണ്ടിരിക്കുന്നു. നമ്മളും ദേവീ ദേവതയായിരുന്നു, നമ്മൾ കല്പം മുമ്പ് ഇതേ രാജ്യം നേടിയിരുന്നു, അത് നഷ്ടപ്പെടുത്തി, വീണ്ടും നേടിക്കൊണ്ടിരിക്കുന്നു. ഇതേ ചിന്ത ബുദ്ധിയിലുണ്ടെങ്കിൽ സന്തോഷമുണ്ടാകും. എന്നാൽ മായ ഈ സ്മൃതി വിസ്മരിപ്പിക്കുന്നു. നിങ്ങൾക്ക് സ്ഥായിയായ ഓർമ്മയിൽ ഇരിക്കാൻ സാധ്യമല്ലെന്ന് ബാബ മനസ്സിലാക്കുന്നു. നിങ്ങൾ കുട്ടികൾ ദൃഢതയോടെ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ പെട്ടെന്ന് കർമ്മാതീത അവസ്ഥയിലേയ്ക്ക് പോവുകയും ആത്മാവ്

തിരിച്ച് പോവുകയും ചെയ്യും എന്നല്ല. ആദ്യ നമ്പറിൽ ഇദ്ദേഹമാണ് പോകുന്നത്. പിന്നീടാണ് ശിവബാബ യുടെ ഘോഷയാത്ര. വിവാഹ സമയത്ത് അമ്മമാർ മൺകലത്തിൽ ജ്യോതി തെളിയിച്ച് കൊണ്ടുപോകാറുണ്ടല്ലോ, ഇതാണ് അടയാളം. ശിവബാബയാകുന്ന പ്രിയതമനാണെങ്കിൽ സദാ തിളങ്ങുന്ന ജ്യോതിയാണ്. ബാക്കി നമ്മുടെ ജ്യോതി തെളിയുന്നു. ഇവിടെയുള്ള കാര്യം പിന്നീട് ഭക്തിമാർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നു. നിങ്ങൾ യോഗബലത്തിലൂടെ തന്റെ ജ്യോതി തെളിക്കുന്നു. യോഗത്തിലൂടെ നിങ്ങൾ പവിത്രമായി മാറുന്നു. ജ്ഞാനത്തിലൂടെ ധനം ലഭിക്കുന്നു. പഠനത്തെ വരുമാന മാർഗം എന്ന് പറയുമല്ലോ. യോഗബലത്തിലൂടെ നിങ്ങൾ ഭാരതത്തെ മാത്രമല്ല മുഴുവൻ വിശ്വത്തെയും പവിത്രമാക്കി മാറ്റുന്നു. ഇതിൽ കന്യകകൾക്ക് വളരെ നല്ല സഹായിയായി മാറാൻ സാധിക്കും. സേവനം ചെയ്ത് ഉയർന്ന പദവി നേടണം. ജീവിതം വജ്ര സമാനമാക്കി മാറ്റണം, നിസ്സാരമല്ല. മാതാ-പിതാവിനെ പിൻതുടരൂ എന്ന് പറയാറുണ്ട്. അച്ഛനെയും അമ്മയെയും അനന്യ സഹോദരന്മാരെയും സഹോദരിമാരെയും കാണൂ.

നിങ്ങൾക്ക് രണ്ട് അച്ഛനാണെന്ന് നിങ്ങൾ കുട്ടികൾക്ക് പ്രദർശനികളിലും മറ്റും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും - ലൗകികവും പാരലൗകികവും. ഇതിൽ ഉയർന്നതാരാണ്? തീർച്ചയായും പരിധിയില്ലാത്ത ബാബ തന്നെയാണല്ലോ. അദ്ദേഹത്തിലൂടെയാണ് സമ്പത്ത് നേടുക. ഇപ്പോൾ സമ്പത്ത് നൽകികൊണ്ടിരിക്കുകയാണ്, വിശ്വത്തിന്റെ അധികാരിയാക്കി മാറ്റികൊണ്ടിരിക്കുകയാണ്. ഭഗവാനു വാച - നിങ്ങൾക്ക് രാജയോഗം പഠിപ്പിക്കുന്നു പിന്നീട് നിങ്ങൾ അടുത്ത ജന്മത്തിൽ വിശ്വത്തിന്റെ അധികാരിയായി മാറും. ബാബ കല്പ-കല്പം ഭാരതത്തിൽ വന്ന് ഭാരതത്തെ വളരെ സമ്പന്നമാക്കി മാറ്റുന്നു. നിങ്ങൾ ഈ പഠിപ്പിലൂടെ വിശ്വത്തിന്റെ അധികാരിയായി മാറുന്നു. ആ പഠിപ്പിലൂടെ എന്ത് ലഭിക്കും? ഇവിടെയാണെങ്കിൽ നിങ്ങൾ 21 ജന്മത്തേയ്ക്ക് വജ്ര തുല്യമായി മാറുന്നു. ആ പഠിപ്പുമായി രാവിന്റെയും പകലിന്റെയും വ്യത്യാസമുണ്ട്. ഇവിടെയാണെങ്കിൽ അച്ഛനും ടീച്ചറും ഗുരുവും ഒന്നു തന്നെയാണ്. അതുകൊണ്ട് അച്ഛന്റെ സമ്പത്തും ടീച്ചറുടെ സമ്പത്തും ഗുരുവിന്റെ സമ്പത്തും എല്ലാം നൽകുന്നു. ദേഹസഹിതം എല്ലാം മറക്കണമെന്ന് ബാബയിപ്പോൾ പറയുന്നു. താങ്കൾ മരിച്ചാൽ ലോകവും മരിച്ചു. ബാബയുടെ ദത്തെടുക്കപ്പെട്ട കുട്ടികളായി മാറി, ബാക്കി ആരെയാണ് ഓർമ്മിക്കേണ്ടത്. മറ്റുള്ളവരെ കണ്ടിട്ടും കാണരുത്. പാർട്ടഭിനയിക്കുന്നുണ്ട് എന്നാൽ ബുദ്ധിയിലുണ്ട് - ഇപ്പോൾ നമുക്ക് വീട്ടിലേയ്ക്ക് പോകണം പിന്നീട് ഇവിടെ വന്ന് പാർട്ടഭിനയിക്കണം. ഇത് ബുദ്ധിയിലുണ്ടെങ്കിലും വളരെയധികം സന്തോഷമുണ്ടായിരിക്കും. കുട്ടികൾക്ക് ദേഹബോധത്തെ ഉപേക്ഷിക്കണം. ഈ പഴയ വസ്തു ഇവിടെ ഉപേക്ഷിക്കണം, ഇപ്പോൾ തിരിച്ച് പോകണം. നാടകം പൂർത്തിയായിരിക്കുകയാണ്. പഴയ സൃഷ്ടിക്ക് തീപിടിച്ചു കൊണ്ടിരിക്കുന്നു. അന്ധന്റെ സന്താനം അന്ധർ അജ്ഞാന നിദ്രയിൽ ഉറങ്ങിക്കിടക്കുന്നു. മനുഷ്യർ വിചാരിക്കുന്നത് ഇത് ഉറങ്ങിക്കിടക്കുന്ന മനുഷ്യനെ കാണിച്ചിരിക്കുകയാണ് എന്നാണ്. എന്നാൽ ഇത് അജ്ഞാന നിദ്രയുടെ കാര്യമാണ്, ഇതിൽ നിന്ന് നിങ്ങൾ ഉണർത്തണം. ജ്ഞാനം അർത്ഥം പകൽ സത്യയുഗമാണ്, അജ്ഞാനം അർത്ഥം രാത്രി കലിയുഗമാണ്. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യമാണ്. കന്യക വിവാഹം കഴിക്കുകയാണെങ്കിൽ അച്ഛന്റെയും അമ്മയുടെയും, അമ്മായി അമ്മയുടെയും അമ്മായി അച്ഛന്റെയുമെല്ലാം ഓർമ്മ വരും. അവരെ മറക്കേണ്ടി വരും. ഇങ്ങനെയുള്ള ദമ്പതിമാരുമുണ്ട്, അവർ സന്യാസിമാർക്ക് കാണിച്ചുകൊടുക്കുന്നു- ഞങ്ങൾ ദമ്പതിയായി മാറി ഒരിക്കലും വികാരത്തിലേയ്ക്ക് പോവുകയില്ല. ജ്ഞാനത്തിന്റെ വാൾ ഇടയിലുണ്ട്. ബാബയുടെ ആജ്ഞയാണ് - പവിത്രമായിരിക്കണം. രമേഷ് - ഉഷയെ നോക്കൂ, ഒരിക്കൽ പോലും പതിതമായില്ല, ഈ ഭയമുണ്ട് അഥവാ ഞങ്ങൾ പതിതമായി മാറുകയാണെങ്കിൽ 21 ജന്മത്തിന്റെ രാജ്യഭാഗ്യം നഷ്ടമാകും. ശിക്ഷ ലഭിക്കുകയും ചെയ്യും. ഇങ്ങനെ ചിലർ തോൽക്കുന്നുമുണ്ട്. ഗന്ധർവ്വ വിവാഹമെന്ന പേരില്ലേ. പവിത്രമായിരിക്കുന്നതിലൂടെ ഉയർന്ന പദവി ലഭിക്കുമെന്ന് നിങ്ങൾക്കറിയാം. ഒരു ജന്മത്തേയ്ക്ക് പവിത്രമായി മാറണം. യോഗബലത്തിലൂടെ കർമ്മേന്ദ്രിയങ്ങളുടെ മേൽ നിയന്ത്രണം വന്നു ചേരുന്നു. യോഗബലത്തിലൂടെ നിങ്ങൾ മുഴുവൻ ലോകത്തെയും പവിത്രമാക്കി മാറ്റുന്നു. നിങ്ങൾ ഇത്രയും കുറച്ച് കുട്ടികൾ യോഗബലത്തിലൂടെ ഈ മുഴുവൻ പർവ്വതത്തെയും ഉയർത്തിമാറ്റി സ്വർണ്ണത്തിന്റെ പർവ്വതം സ്ഥാപന ചെയ്യുന്നു. മനുഷ്യർ അല്പം പോലും മനസ്സിലാക്കുന്നില്ല, അവരാണെങ്കിൽ ഗോവർദ്ധന പർവ്വതത്തിന് പുറകെ ചുറ്റിക്കറങ്ങി കൊണ്ടിരിക്കുകയാണ്. ഇവിടെയാണെങ്കിൽ ബാബ തന്നെ വന്ന് മുഴുവൻ ലോകത്തെയും ഗോൾഡൻ ഏജാക്കി മാറ്റുന്നു. ഹിമാലയം സ്വർണ്ണത്തിന്റേതാകും എന്നൊന്നുമില്ല. അവിടെയാണെങ്കിൽ(സത്യയുഗം) സ്വർണ്ണത്തിന്റെ ഖനികൾ നിറഞ്ഞിരിക്കും. 5 തത്വങ്ങൾ സതോപ്രധാനമാണ്, ഫലങ്ങളും നല്ലത് നൽകുന്നു. സതോപ്രധാന തത്വങ്ങളാൽ ഈ ശരീരവും സതോപ്രധാനമാകുന്നു. അവിടുത്തെ പഴങ്ങളും വളരെയധികം സ്വാദിഷ്ടമാണ്. പേര് തന്നെ സ്വർഗ്ഗമെന്നാണ്. അതിനാൽ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നതിലൂടെ മാത്രമേ വികാരം ഇല്ലാതാകൂ. ദേഹാഭിമാനം വരുന്നതിലൂടെ വികാരത്തിന്റെ ചേഷ്ടയുണ്ടാകുന്നു. യോഗി ഒരിക്കലും വികാരത്തിലേയ്ക്ക് പോവുകയില്ല. ജ്ഞാനബലമെല്ലാമുണ്ട്, എന്നാൽ യോഗിയല്ലായെങ്കിൽ വീണ് പോകും. ചോദിക്കാറുണ്ട് - പുരു

ഷാർത്ഥമാണോ പ്രാപ്തിയാണോ വലുത്? പുരുഷാർത്ഥമാണ് വലുതെന്ന് അപ്പോൾ പറയുന്നു. അതുപോലെ ഇതിലും പറയും യോഗമാണ് വലുത്. യോഗത്തിലൂടെ മാത്രമേ പതിതത്തിൽ നിന്ന് പാവന മായി മാറുകയുള്ളൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾ പറയും ഞങ്ങൾ പരിധിയില്ലാത്ത ബാബയിൽ നിന്ന് പഠിക്കും. മനുഷ്യനിൽ നിന്ന് പഠിക്കുന്നതിലൂടെ എന്താണ് ലഭിക്കുക? മാസത്തിൽ എന്ത് ശേഖരണമുണ്ടാകും? ഇവിടെ നിങ്ങൾ ഓരോ ഓരോ രത്നം ധാരണ ചെയ്യുന്നു. ഇത് ലക്ഷക്കണക്കിന് രൂപയുടെയാണ്. അവിടെ പൈസ എണ്ണേണ്ടതില്ല. അളവറ്റ ധനമുണ്ടാകുന്നു. എല്ലാവർക്കും അവരവരുടെ കൃഷികൾ മുതലായവ ഉണ്ടായിരിക്കും. ഇപ്പോൾ ബാബ പറയുന്നു ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. ഇതാണ് ലക്ഷ്യം. പുരുഷാർത്ഥം ചെയ്ത് ഉയർന്നതായി മാറണം. രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്മീ നാരായണൻ പ്രാപ്തി നേടിയതെങ്ങനെയാണ്, ഇവരുടെ പ്രാപ്തി അറിയുകയാണെങ്കിൽ ബാക്കി എന്താണ് വേണ്ടത്. ഇപ്പോൾ നിങ്ങൾക്കറിയാം കല്പത്തിൽ 5000 വർഷങ്ങൾക്ക് ശേഷമാണ് ബാബ വരുന്നത്, വന്ന് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നു. അതുകൊണ്ട് കുട്ടികൾക്ക് സേവനം ചെയ്യുന്നതിനുള്ള ഉത്സാഹമുണ്ടായിരിക്കണം. എപ്പോൾ വരെ ആർക്കും വഴി പറഞ്ഞുകൊടുക്കുന്നില്ലയോ, ഭക്ഷണം കഴിക്കുകയില്ല- ഇത്രയും ഉന്മേഷവും ഉത്സാഹവുമുണ്ടെങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെ ലഭിച്ച മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈശ്വരീയ സേവനം ചെയ്ത് തന്റെ ജീവിതം 21 ജന്മത്തേയ്ക്ക് വജ്ര സമാനമാക്കി മാറ്റണം. മാതാവിനെയും പിതാവിനെയും അനന്യ സഹോദരന്മാരെയും സഹോദരിമാരെയും മാത്രം ഫോളോ ചെയ്യണം.

2) കർമ്മാതീത അവസ്ഥ പ്രാപ്തമാക്കുന്നതിന് വേണ്ടി ദേഹസഹിതം എല്ലാത്തിനെയും മറക്കണം. തന്റെ ഓർമ്മ ഉറച്ചതും സ്ഥായിയുമാക്കണം. ദേവതകളെ പോലെ നിർലോഭി, നിർമോഹി, നിർവികാരിയാകണം.

## വരദാനം:- പിടയുന്ന ആത്മാക്കൾക്ക് ഒരു സെക്കന്റിൽ ഗതി-സദ്ഗതി കൊടുക്കുന്ന മാസ്റ്റർ ദാതാവായി ഭവിക്കട്ടെ.

സ്ഥൂലമായ കാലാവസ്ഥ പ്രതീക്ഷിച്ച് ആർക്കും ബുദ്ധിമുട്ടില്ലാതിരിക്കാനും സമയം നഷ്ടപ്പെടാതിരിക്കാനും സേവാധാരികളെയും സാധന സാമഗ്രികളും തയ്യാറാക്കി വെക്കാറുള്ളത് പോലെ ഇപ്പോൾ സർവ്വ ആത്മാക്കളുടെയും ഗതി-സദ്ഗതി ചെയ്യുന്നതിന്റെ അന്തിമ സീസൺ വരാനിരിക്കുകയാണ്, പിടയുന്ന ആത്മാക്കളെ ക്യൂവിൽ നിർത്തി കഷ്ടപ്പെടുത്തരുത്, വന്നുകൊണ്ടും എടുത്ത് കൊണ്ടുപോയ്ക്കൊണ്ടുമിരിക്കണം. ഇതിനായി സദാ തയ്യാറായിരിക്കണം. പുരുഷാർത്ഥി ജീവിതത്തിൽ കഴിയുന്നതിലുപരി ഇപ്പോൾ ദാതാവിന്റെ സ്ഥിതിയിലിരിക്കൂ. ഓരോ സങ്കൽപ്പത്തിലും ഓരോ സെക്കന്റിലും മാസ്റ്റർ ദാതാവായി മാറി ചെയ്തുകൊണ്ടേ പോകൂ.

## സ്ലോഗൻ:- യജമാനനെ(ഹജൂർ) ബുദ്ധിയിൽ വെക്കൂ എങ്കിൽ സർവ്വ പ്രാപ്തികളും ശരി യജമാനെ(ജീ ഹജൂർ) എന്ന് പറയും.

## അവ്യക്ത സൂചനകൾ- ഏകാന്തപ്രിയരാകൂ ഏകതയും ഏകാഗ്രതയും സ്വായത്തമാക്കൂ.

ഏകതയോടൊപ്പം ഏകാന്തപ്രിയരാകണം. ഏകാന്തപ്രിയർ അവരാണ് ആരുടെയാണോ ബുദ്ധിയോഗം അനേകവശങ്ങളിൽ നിന്ന് മുറിഞ്ഞ് ഒന്നിൽ മാത്രം പ്രിയമായിരിക്കുന്നത്. ഒന്നിൽ പ്രിയമുള്ളത് കാരണം ഒന്നിന്റെ മാത്രം ഓർമ്മയിൽ ഇരിക്കാൻ സാധിക്കുന്നു. ഏകാന്തപ്രിയർ എന്നാൽ ഒന്നല്ലാതെ രണ്ടാമതാരുമില്ല. സർവ്വ സംബന്ധങ്ങളും സർവ്വ രസങ്ങളും ഒന്നിൽ നിന്നെടുക്കുന്നവർക്ക് തന്നെയാണ് ഏകാന്തപ്രിയരാകാൻ സാധിക്കുക.